# ഉരുളക്കിഴങ്ങ് തിന്നുന്നവർ -സുഭാഷ്ചന്ദ്രൻ -ചെറുകഥ

- **സുഭാഷ്ചന്ദ്രൻ:** പുതുതലമുറയിലെ ശ്രദ്ധേയകഥാകൃത്ത്. 1972 ൽ ആലുവ (കടുങ്ങല്ലൂരിൽ) ജനിച്ചു.
- പത്ര പ്രവർത്തകൻ,കഥാകൃത്ത്, നോവലിസ്റ്റ്
    - **പ്രധാനകൃതികൾ :** ഘടികാരങ്ങൾ നിലക്കുന്ന സമയം, പറുദീസാ നഷ്ടം, തൽപ്പം, വിഹിതം , മനുഷ്യന് ഒരാമുഖം(നോവൽ)
- ലോക പ്രസിദ്ധ ചിത്രകാരൻ വിൻസന്റ് വാൻഗോഗിന്റെ "**പൊട്ടേറ്റോ ഈറ്റേഴ്സ്** " എന്ന ചിത്രത്തിൽനിന്ന് പ്രചോദനം ഉൾകൊണ്ട് സുഭാഷ് ചന്ദ്രൻ രചിച്ച കഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ .
- വൃദ്ധനായ മിറൽ ,മിറലിന്റെ മകന്റെ ഭാര്യജൂലിയാന,ജൂലിയാനയുടെ മാതാപിതാക്കൾ, ജൂലിയാനയുടെ മകൾ അന്ന എന്നിവരാണ് - കഥാപാത്രങ്ങൾ
- **കഥാപ്രമേയം** :
- ഖനിയിൽ ജോലി ചെയ്യുന്ന ഭർത്താവിനെ കുറിച്ച് അല്ലെങ്കിൽ മകനെ ` കുറിച്ചുള്ള അന്വേഷണമാണ് .അടിമത്തം അനുഭവിക്കുന്ന തൊഴിലാളികളുടെ ജീവിതദുരിതമാണ് "**പൊട്ടേറ്റോ ഈറ്റേഴ്സ്** "എന്ന ചിത്രത്തിൽ ആലേഖനം ചെയ്തിട്ടുള്ളത്.
- യൂറോപ്പിൽ നിലനിന്നിരുന്ന കൊടിയ ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും നേർകാഴ്ചയായാണ് ചിത്രം അവതരിപ്പിക്കപ്പെട്ടത്.

ചിത്രത്തിലെ മനുഷ്യരുടെ രൂപഭാവങ്ങളും പശ്ചാത്തലവും ദൈന്യതയാർന്ന ജീവിതത്തിന്റെ സൂക്ഷ്മവായനയാകുന്നു.

- **ചിത്രവായന- ചിത്രവിശകലനം**
    - ചിത്രത്തിലെ സമയ സൂചന: ഇരുക്കവിളക്ക്
    - മനുഷ്യർ - വൃദ്ധർ,യുവതി, കുട്ടി
    - വേഷം-പാശ്ചാത്യ വസ്ത്രധാരണരീതി, ശീതകാലസൂചന .

- സാമൂഹ്യാവസ്ഥ : നിരാശയുള്ള മുഖം, ദാരിദ്ര്യം, അടിമത്തം, ജീവിതദുരിതം

## സുഭാഷ്ചന്ദ്രന്റെ കഥയും വാൻഗോഗിന്റെ ചിത്രവും

- ചിത്രത്തിലെ കഥാപാത്രങ്ങൾ തന്നെയാണ് കഥയിലുള്ളത്.
- ഖനികളും മഞ്ഞും നിറഞ്ഞ പാശ്ചാത്യ ദേശമാണ് കഥയുടെ പശ്ചാത്തലം.
- കഥാപാത്രങ്ങളുടെ വൈകാരികാവസ്ഥ കഥയിൽ വ്യക്തമാണ്
- ദാരിദ്ര്യം, അപകടകരമായ തൊഴിൽ സാഹചര്യം എന്നിവ വ്യക്തമാണ്
- ചിത്രം നിശ്ചലമാണ് - കഥയിൽ ചലനങ്ങളുണ്ട്.

**ദാരിദ്ര്യത്തെ കഥയിൽ ഒരു കഥാപാത്രമായി എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു ?**

- വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവും അടിഞ്ഞ് മ്ലാനമായ ചുമരുകളുള്ള വീട്
- ആണി പറിഞ്ഞ് നിലം പൊത്താനായ മേശ അവൾക്ക് ദരിദ്രമായ അടുക്കളയുള്ള അമ്മമാരുടെ അങ്കലാപ്പ്
- ചായ പകരുന്നത് വിള്ളലുകൾ വീണ കവിടിക്കപ്പുകളിലാണ്..പുതിയത് വാങ്ങാൻ കഴിയാത്ത അവസ്ഥ.
- ദാരിദ്ര്യത്തെ അദൃശ്യ സാന്നിധ്യമായി ആവിഷ്കരിച്ചു വായനക്കാരന് അനുഭവവേദ്യമാകുന്നു.

**ജൂലിയാനയുടെ ഭർത്താവിന്റെ മരണത്തെക്കുറിച്ചുള്ള സൂചന**

- ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.
- ഖനികളിൽ പണിചെയ്യുന്നവർക്ക് ഒരപകടവും വരുത്തരുതേ - പ്രാർത്ഥന
- മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി.... ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്.

visit www.shenischool.in or whatsapp 7012498606 for more resources

- ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.
- ഈസ്റ്ററിന് ചായം തേച്ച മുട്ടകൾ കൊണ്ടുവരണമെന്ന് താൻ അച്ഛനോട് പറഞ്ഞത് അച്ഛനെ അറിയച്ചില്ലേ എന്ന ചോദ്യത്തിന് മിറലിന് ഉത്തരം നൽകാൻ കഴിയുന്നില്ല.
- ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന മനസ്സിലാക്കുന്നു.
- മകന്റെ മൃതദേഹം കണ്ടെത്താൻ കഴിയാതെ തിരിച്ച് വരുന്ന മിറലിന്റെ നിസ്സഹായത.

## കഥയെ ഹൃദയസ്പർഷിയാക്കുന്ന വാക്യങ്ങൾ ഗദ്യഭാഷയുടെ കാവ്യാത്മകത/ ആഖ്യാനമികവ്

- ഇടംവലം ഉലഞ്ഞ് വീട് അടുത്തു വന്നു –ചാഞ്ചാട്ടമുള്ള മാനസികാവസ്ഥ
- ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.
- ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു - മകൻ നഷ്ടപ്പെട്ടതിലുള്ള ദുഃഖം മിറലിന്റെ മനസ്സിനെ നീറ്റും
- വിളവെടുപ്പു കഴിഞ്ഞ് പ്രസവരക്ഷ ചെയ്യുന്ന ഉരുളക്കിഴങ്ങുപാടങ്ങളും പിന്നിട്ട് വീടിനു നേരെയുള്ള ചെളിയിടവഴിയിലേക്ക് അയാൾ തിരിഞ്ഞു.
- അപ്പോൾ കുരിശിൽനിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു.
- ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.

Visit www.shenischool.in or whatsapp 7012498606 for more resources

- മഞ്ഞുകാലത്തിന്റെ തീക്ഷണത അവതരിപ്പിക്കുന്നത് - വായിൽനിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു.

## ചിത്രകലയും സുഭാഷ്ചന്ദ്രന്റെ കഥയും

- കാലപരിമിതി ചിത്രകലയുടെ പരിമിതിയാണ്.
- ഒരു നിമിഷം മാത്രമേ ചിത്രത്തിൽ പ്രകാശിപ്പിക്കാൻ കഴിയൂ. അത്താഴത്തിന് തീൻമേശയുടെ മുന്നിൽ ഒത്തുകൂടുന്ന കുടംബത്തിന്റെ ഒരു ചിത്രം(ഒരു നിമിഷം)ആണ് ചിത്രത്തിൽ തെളിയുന്നത്.
- കഥയുടെ മുൻ - പിൻ സൂചനകൾ ചിത്രത്തിൽനിന്നു ലഭ്യമല്ല

## കഥാകൃത്തിനുള്ള സ്വാതന്ത്ര്യം

- കഥയിൽ ആദ്യന്തം കാലം അടയാളപ്പെടുത്തുന്നതിൽ കഥാകാരന് സ്വാതന്ത്ര്യമുണ്ട്
- അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ച് വേച്ച് നടന്നു
- ഹാഗ് പട്ടണത്തിനു മൈലുകൾ അപ്പുറം കിടന്ന ഒരു കൊച്ചു ഗ്രാമത്തിൽ നിന്ന് അന്നു രാവിലെ എത്തിച്ചേർന്നതായിരുന്നു അവരിൽ രണ്ട് പേർ
- വിഷമിക്കേണ്ട മകളേ, ഞങ്ങളെപ്പോലെ കണ്ണുപിടിക്കാത്ത വയസ്സന്മാർക്ക് ചിലപ്പോൾ ഒരു ദിവസംകൊണ്ട് ഖനികളിലെ കാര്യമറിഞ്ഞു വരാൻ കഴിയില്ല.
- ചിത്രകാരനെ അപേക്ഷിച്ച് കഥാകാരന് കഥയിൽ ഭൂത, വർത്തമാന, ഭാവികാലങ്ങളെ ആവിഷ്കരിക്കാൻ സാധിക്കും. സുഭാഷ്ചന്ദ്രന്റെ കഥയിൽ ഇത് കാണാൻ സാധിക്കും.

visit www.shenischool.in or whatsapp 8301249806 for more resources

- **മിറൽ കഥാപാത്ര നിരൂപണം :**കഥാപാത്രത്തിന്റെ മാനസിക സംഘർ ഷങ്ങൾ ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായി തോന്നി.
- ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകളാൽ മിറൽജൂലിയാനയുടെ കൈകളിൽ തൊട്ടു.
  - മിറൽ അവളുടെ ഉടുപ്പിന്റെ ഞൊറിവുകളിൽ വിരലോടിച്ചുകൊണ്ട് കരച്ചിലിന്റെ ചാർച്ചയുള്ള ഒരു ചിരിയോടെ പറഞ്ഞു

-----------------------------------------------------------

?' കവിക്ക് ദൃശ്യലോകവും അദൃശ്യലോകവും ഒന്നു പോലെ സ്വാധീനമാണ് .അത്രതന്നെയല്ല അദൃശ്യമായ മാനസിക ലോകത്തിലാണ് സ്വച്ഛന്ദം വിഹരിക്കുന്നത്' .

ഈ പ്രസ്ഥാവന മൈക്കലാഞ്ജലോ മാപ്പ് എന്ന കവിതയ്ക്ക് യോജിക്കുമോ?

? ആറി തണുത്ത തിരുഗാത്രം –.സൂചിപ്പിക്കുന്നത് എന്ത്?

?ചുറ്റികയെടുത്തൊരു പയ്യന്റെ ചുണ്ടിൽ നിന്ന് – അടിവരയിട്ട പദം സൂചിപ്പിക്കുന്നതാരെ?

? നീ കരുണ തൻ ഭാവഗാനത്തെ തൊട്ടുതൊട്ട ..സൂചിപ്പിക്കുന്നത് എന്ത്?

? ഭഞ്ജനം എന്ന പദത്തിന്റെ അർത്ഥമല്ലാത്ത പദം?

( ഉടയ്ക്കൽ , ഭജിക്കൽ, തകർക്കൽ, )

- വാത്സല്യാർദ്രം - വിഗ്രഹിക്കുക -( വാത്സല്യത്താൽ ആർദ്രം)

**വർണ്ണമാറ്റം കുറിക്കുക**

- നെഞ്ച് + അകം = നെഞ്ചകം
- വാക്ക് + ഇല്ലാതെ - വാക്കില്ലാതെ

visit www.shenischool.in or whatsapp 7012498606 for more resources